## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 498** **24.01.2018 ൽ മറുപടിക്ക്.**

## ജി.എസ്.ടി.നിയമം

| ചോദ്യം<br>ശ്രീ.സി.ദിവാകരൻ<br>ശ്രീ.ആർ രാമചന്ദ്രൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ജി.എസ്.ടി. നിയമപ്രകാരം നികുതി ഭാരം കുറഞ്ഞിട്ടും വ്യാപാരികൾ വിലയിൽ കുറവ് വരുത്താതെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| (ബി) നിയമത്തിലെ കൊള്ളലാഭം തടയൽ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;<br><br>(സി) ജി.എസ്.ടി. നിലവിൽ വന്നതിന് ശേഷവും അതിന് മുമ്പുമുണ്ടായിരുന്ന വാങ്ങൽ വിലയും വില്പന വിലയും താരതമ്യം ചെയ്ത് പഠനം നടത്തിയിട്ടുണ്ടോ;<br><br>(ഡി) ജി.എസ്.ടി. നികുതി ഇളവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ? | (ബി), (സി) & (ഡി) ജി.എസ്.ടി. നിയമത്തിലെ ആന്റി പ്രോഫിറ്റിറിംഗ് വകുപ്പ് പ്രകാരം പൊതുജനങ്ങളിൽ നിന്ന് പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ് ജി.എസ്.ടി. യുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറുന്നുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വെ വഴിയും ബിൽ ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തുകയും ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335 ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റിറിംഗ് അതോറിറ്റിയ്ക്ക് കൈമാറിയിട്ടുമുണ്ട്. അടുത്ത പടിയായി 15.11.2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടേയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻ തന്നെ കേന്ദ്ര ആന്റി പ്രോഫിറ്റിറിംഗ് അതോറിറ്റിയ്ക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ